(എച്ച്) ഇൻഫർമേഷൻ കേരള പദ്ധതിക്കുവേണ്ടി ഇതുവരെ 19.5ലക്ഷം രൂപാ സി-ഡിറ്റിന് നൽകിയിട്ടുണ്ട്.

(ഐ) ഇല്ല

(ജെ) 'ഐ' ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(കെ) 'വേൾഡ് ടെൽ' എന്ന സ്ഥാപനത്തെയാണ് ഇന്റർനേറ്റ് കിയോസ്കുകൾ സ്ഥാപിക്കുന്നതിന് സാദ്ധ്യതാപഠനം നടത്താൻ ചുമതലപ്പെടുത്തിയത്. റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

ഇറച്ചി കോഴികളുടെയും മുട്ടക്കോഴികളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന നടപടി

25 (*175)ശ്രീ. എം.പി വർഗ്ഗീസ് :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. പി. രാഘവൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇറച്ചിക്കോഴികളുടെയും മുട്ടക്കോഴികളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ആവശ്യമായ ഇറച്ചിക്കോഴികളും മുട്ടക്കോഴികളും സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) കോഴികർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനാൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും ഉള്ള ഇവയുടെ ഇറക്കുമതി അവസാനിപ്പിക്കുമോ;

(ഡി) കോഴികർഷകർക്ക് ഇറച്ചിക്കോഴികളും മുട്ടക്കോഴികളും ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ ധനസഹായം നൽകുമോ;

(ഇ) ഇറച്ചിക്കോഴി ഉൽപാദിപ്പിക്കുന്നതിന് ആധുനിക രീതിയിലുള്ള ഹാച്ചറി ആരംഭിക്കുമോ?

ഭക്ഷ്യ വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) മുട്ടക്കോഴികളുടെയും ഇറച്ചിക്കോഴികളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് മൃഗസംരക്ഷണവകുപ്പിന്റെ കീഴിലുള്ള കുടപ്പനക്കുന്ന്. പേട്ട, കുരീപ്പുഴ, ചെങ്ങന്നൂർ, കൂവപ്പടി, മലംമ്പുഴ, മുണ്ടയാട് എന്നീ ഫാമുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ച് 35 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ പ്രതിവർഷം ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. പേട്ടയിൽ ഇറച്ചിക്കോഴിയേയും മറ്റ് സ്ഥലങ്ങളിൽ മുട്ടക്കോഴികളേയും ആണ് വളർത്തുന്നത്. ജില്ലാ പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്ത മണ്ണാർക്കാട്, ആതവനാട്, ചാത്തമംഗലം, കോലാനി എന്നീ ഫാമുകളിൽ ഉൽപ്പാദനശേഷിയുള്ള മാതൃപിതൃ ശേഖരത്തെ വാങ്ങുന്നതിന് 2 ലക്ഷം രൂപ ജില്ലാ പഞ്ചായത്തുകൾക്ക് വകുപ്പ് നൽകി. കൂടാതെ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കുടപ്പന

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന് ഫാമിൽ നിന്നും ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ മുട്ട ലഭ്യമാക്കുന്നതിന് വേണ്ടി പിതൃശേഖരത്തെ വളർത്തി വരുന്നു. ഇറച്ചിക്കോഴി ഫാമും ഹാച്ചറിയും പൂർണ്ണതോതിൽ പ്രവർത്തിപ്പിച്ച് പ്രതിവർഷം 25000 മാതൃപിതൃ ശേഖരത്തെ വളർത്തുവാനും 56 ലക്ഷം ഒരു ദിവസം പ്രായമായ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുവാനും ലക്ഷ്യമിട്ടിരിക്കുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിൽ രഹിതരായ സ്ത്രീകൾക്ക് കോഴിവളർത്തലിൽ പ്രാവീണ്യം നേടുന്നതിനുള്ള സാങ്കേതിക സഹായവും യൂണിറ്റ് തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായവും നല്കുന്ന ഒരു പദ്ധതിയുണ്ട്. മലപ്പുറം ജില്ലയിലാണ് ഇതിന് തുടക്കം കുറിച്ചത്. ഈ പദ്ധതിയുടെ കാലയളവായ മൂന്നു വർഷത്തിനുള്ളിൽ 1000 പേർക്ക് ഇറച്ചി ക്കോഴി വളർത്തൽ യൂണിറ്റ് തുടങ്ങുന്നതിനു വേണ്ട സഹായം നൽകുന്നതി നാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇപ്പോൾ ഏകദേശം 300 പേർക്ക് ഈ പദ്ധതി യുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ബി) കോഴിവളർത്തൽ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ട് 5 വർഷംകൊണ്ട് പൂർത്തിയാക്കാ വുന്ന ഒരു പ്രോജക്ട് പരിഗണനയിലുണ്ട്. അത് നടപ്പിലാകുന്നതോടെ സംസ്ഥാനത്തിന് ആവശ്യമുള്ള ഇറച്ചിക്കോഴികളും മുട്ടക്കോഴികളും ഇവിടെ ത്തന്നെ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കെ.എസ്.പി. സി.ഡി.യുടെ കുടപ്പനക്കുന്നിലെ പുതിയ ഹാച്ചറിയും ഫാമും പ്രവർത്തനമാ രംഭിക്കുന്നതോടുകൂടി കൂടുതൽ മുട്ടക്കോഴികളെയും ഇറച്ചിക്കോഴികളെയും ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നതാണ്.

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും ഉള്ള ഇറക്കുമതി പൂർണ്ണ മായും അവസാനിപ്പിക്കുവാൻ തൽക്കാലം ബുദ്ധിമുട്ടുണ്ട്. എങ്കിലും പരമാ വധി നിയന്ത്രിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കോഴികൾക്ക് രോഗപ്രതിരോധ കുത്തി വയ്പുകൾ നടത്തിയ അധികാരിയുടെ രേഖ നിർബന്ധമാക്കിയിട്ടുണ്ട്. നികുതിയും ഈടാക്കുന്നുണ്ട്. അതിർത്തി ചെക്ക് പോസ്റ്റുകളിൽ മുകളിൽ പറഞ്ഞ പരിശോധന നടത്തിവരുന്നു. വിൽപ്പന നികുതി കൃത്യമായും പിരിക്കു ന്നതിനും നികുതി അടയ്ക്കാതെ കോഴികളെ കൊണ്ടുവരുന്ന വാഹനങ്ങളുടെ വിവരം റിപ്പോർട്ട് ചെയ്യുവാനും വേണ്ട നിർദ്ദേശം ബന്ധപ്പെട്ട ചെക്ക് പോസ്റ്റു കളിലെ ഉദ്യോഗസ്ഥന്മാർക്ക് നൽകിയിട്ടുണ്ട്.

(ഡി) ഇറച്ചിക്കോഴികളെയും മുട്ടക്കോഴികളെയും ഉൽപ്പാദിപ്പിക്കുന്ന തിനാവശ്യമായ ധനസഹായം നൽകുന്ന ഒരു പദ്ധതി ഊർജ്ജിത കോഴി വളർത്തൽ വികസന ബ്ലോക്കുകൾ വഴി നടപ്പിലാക്കിവരുന്നു. തിരുവനന്തപു രത്ത് പേട്ടയിലും എറണാകുളം ജില്ലയിലെ മൂവാറ്റുപുഴയിലുമാണ് ഇപ്രകാര മുള്ള ബ്ലോക്കുകൾ പ്രവർത്തിച്ചു വരുന്നത്. കർഷകർക്ക് കോഴിവളർത്തുന്നതി നായി 20,000 രൂപവരെ പലിശരഹിത വായ്പയായി നൽകുന്നുണ്ട്. പൗൾട്രി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വനിതകൾക്ക് തൊഴിലും വരുമാ നവും ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സ്റ്റെപ്പ് (STEP)എന്ന പദ്ധതി പ്രകാരവും ധനസഹായം നൽകുന്നുണ്ട്.

(ഇ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ തുടങ്ങുന്നതിന് ഇപ്പോൾ പദ്ധതിയില്ല. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ കുടപ്പനക്കു ന്നിൽ ഹാച്ചറി നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly